بسم الله الرحمن الرحيم ○ نحمده ونصلى علىٰ رسوله الكريم ○ وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്ബ സംഗ്രഹം 21.02.2014

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**21.02.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം**

## ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് رضي الله عنه ഒരു മത്തായ പ്രവചനത്തിന്റെ പുലർച്ച

ഇന്നലെ ഫെബ്രുവരി 20 ആയിരുന്നു. വാഗ്ദത്ത പരിവർത്തനകാരിയെ(മുസ്‌ലിഹ് മൗഊദ്)സംബന്ധിച്ച പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ ഈ ദിവസത്തിന് വളരെ പ്രാധാന്യമുണ്ട്. വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് عليه السلام തനിക്ക് ഒരു മകൻ ജനിക്കാൻ പോകുന്നു എന്നവിവരം കാലേകൂട്ടി അറിയിച്ചിരുന്നു. ആ മകൻ ഉത്തമനും സാത്വികനും ധാരാളം സവിശേഷ ഗുണങ്ങൾ വഹിക്കുന്നവനുമാകണമായിരുന്നു. കഴിഞ്ഞ ജുമുഅ ഖുത്ബയിലും ഞാൻ വാഗ്ദത്ത മസീഹ് ഹ: അഹ്മദ്عليه السلامന്റെ പ്രവചനങ്ങളെ കുറിച്ച് പറഞ്ഞപ്പോൾ ഇക്കാര്യം സ്മരിച്ചിരുന്നു. ഇത് ഫെബ്രുവരി ഇരുപതിനോടടുത്ത ജുമുഅ ആയ സ്ഥിതിയ്ക്ക് ഇന്നും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു അടയാളമായിട്ടാണ് പറഞ്ഞിട്ടുള്ള ആ പ്രവചനത്തെ കുറിച്ച് സ്മരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കി.

ആക്ഷേപകർക്ക് നല്കിയ മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام പറയുന്നു: ‘‘നിങ്ങൾ ആക്ഷേപിക്കുന്നു. പക്ഷേ, ഇത്തരം പ്രവചനങ്ങൾ ചെയ്യുക എന്നത് മനുഷ്യകഴിവുകൾക്കതീതമാണ്. കേവലം ഒരു മകനുണ്ടാകുമെന്നല്ല പ്രവചനത്തിൽ പറയുന്നത്. നേരെമറിച്ച് കുറെ സവിശേഷ ഗുണങ്ങൾ ആ കുട്ടിയിൽ ഉണ്ടായിരിക്കുമെന്നും പറയുന്നുണ്ട്, ‘ആ കുട്ടി ദീർഘായുസ്സ് പ്രാപിക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദിന്റെ ജീവിതകാലത്തുതന്നെ ആ കുട്ടി ജനിക്കും’ തുടങ്ങി പലതും. ഹ: മസീഹ് മൗഊദ് عليه السلام പറഞ്ഞു: ‘ഈ വിളംബരത്തെ ആഴത്തിലും നീതിയുടെ ദൃഷ്ടികൊണ്ടും നോക്കിക്കാണുകയാണെങ്കിൽ അത് ദൈവികാടയാളമാണെന്നതിന് ഒരു സംശയവും ഉണ്ടാകുകയില്ല.’ ആക്ഷേപകരോട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞു: ‘ഇനി നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഇത്തരം അടയാളങ്ങൾ അടങ്ങിയ പ്രവചനം നിങ്ങളൊന്ന് കാണിക്കുക. ഇവിടെ കണ്ണു തുറന്ന് നോക്കേണ്ടതാണ്. ഇത് വെറും പ്രവചനമല്ല. ഒരു മഹത്തായ ദൈവദൃഷ്ടാന്തമാണ്.’ ഹദ്റത്ത് മസീഹ് മൗഊദ്عليه السلام നിയോഗിതനായതിന്റെ ഉദ്ദേശ്യം തന്നെ ഇസ്ലാമിന്റെ സത്യതയും നബി ﷺ തിരുമേനിയുടെ മഹത്ത്വവും എല്ലാവരുടെ മേലും സ്ഥാപിക്കുക എന്നതായിരുന്നു. ഇവിടേയും അദ്ദേഹം ആ പ്രവചനവും അടയാളവും സമർപ്പിച്ചുകൊണ്ട്, തന്റെ സത്യത്തെ അതു വെളിപ്പെടുത്തുന്നു എന്നല്ല പറയുന്നത്. പ്രത്യുത അദ്ദേഹം പറയുന്നത് ഈ ദൈവിക അടയാളത്തെ പ്രതാപവാനും ഉദാരവാനുമായ അല്ലാഹു, ഉദാരനും ദയാലുവും കരുണാവാനുമായ നമ്മുടെ നബി മുഹമ്മദു മുസ്തഫാ ﷺ യുടെ സത്യതയും മഹത്ത്വവും വെളിപ്പെടുത്തുന്നതിനായി വെളിപ്പെടുത്തിയിരിക്കുന്നുവെന്നാണ്. യഥാർഥത്തിൽ ഈ അടയാളം മരിച്ചവർ ജീവിക്കുന്നതിനെക്കാളും നൂറുക്കണക്കിന് മടങ്ങ് ഉന്നതമാണ്. ഏറ്റവും ശ്രേഷ്ഠമാണ്. സമ്പൂർണമാണ്. ഏറ്റവും ഉത്തമമാണ്. തികവുറ്റതുമാണ്.

എന്തായാലും ഈ പ്രവചനമനുസരിച്ച് നമുക്കറിയാം വാഗ്ദാനം ചെയ്യപ്പെട്ട മകൻ 1889 ജനുവരിയിൽ ജനിച്ചു. ആ വാഗ്ദത്ത മകൻ ഇസ്ലാമിന്റെ ഉന്നതിയ്ക്കും നബി തിരുമേനി ﷺ യുടെ പ്രതാപത്തേയും ഗാംഭീര്യത്തേയും നിലനിറുത്തുന്നതിനുംവേണ്ടി ചെയ്ത തെളിമയാർന്ന പ്രവർത്തനങ്ങൾ ലോകാവസാനം വരെ സ്മരിക്കപ്പെടുന്നതാണ്. അത് അന്യരും സമ്മതിച്ചിട്ടുള്ള കാര്യമാണ്.

അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് **ايده الله تعالىٰ بنصره العزيز** വാഗ്ദത്ത പരിവർത്തനകാരിയെ കുറിച്ച് അല്ലാഹു ഹദ്റത്ത് അഹ്മദിലൂടെ ചെയ്ത പ്രവചനം 1889 ഫെബ്രുവരി 20 ന് ആ മഹാത്മാവ് പ്രസിദ്ധീകരിച്ചത് പൂർണമായും വായിച്ചു കേൾപിച്ചു. ഖലീത്തുൽ മസീഹ് പറഞ്ഞു: ‘മുസ്‌ലിഹ് മൗഊദ് എന്ന വാഗ്ദത്ത പരിവർത്തനകാരിയുടെ പ്രത്യേകതകളെന്തെല്ലാമാണെന്ന് ആഴത്തിൽ ഇറങ്ങി നോക്കുകയും അതിന്റെ പുലർച്ചയായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി رضي الله عنه യുടെ ജീവിതം പരിശോധിച്ച് നോക്കുകയും ചെയ്താൽ അതു വിവരിക്കാൻ നിരവധി ഗ്രന്ഥങ്ങൾ തന്നെ വേണ്ടിവരും. ഏതെങ്കിലും ഖുത്ബയിലോ പ്രസംഗത്തിലോ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضي الله عنهന്റെ ജീവിതവും ആ മഹാത്മാവിന്റെ പ്രവർത്തനങ്ങളും ഒതുക്കുക സാധ്യമല്ല.

എന്തായലും ഇന്നും ഈ പ്രവചനത്തെ അടിസ്ഥാനമാക്കി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنهന്റെ ജീവിതത്തിൽ നിന്നുള്ള ചില സംഭവങ്ങൾ ഞാൻ പറയുന്നതാണ്. ഒന്നോ രണ്ടോ പ്രവചനങ്ങളെ കുറിച്ചല്ല ഞാൻ പറയുന്നത്. ഒരുപ്രവചനത്തിന്റെ ഒന്നോ അരയോ വശമെടുത്തുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. സ്വന്തമാളുകളേയും അന്യരേയും ആ മഹാത്മാവിന്റെ അറിവും ജ്ഞാനവും എങ്ങനെയാണ് ആകർഷിച്ചത് എന്നതിനെ സംബന്ധിച്ചാണ് പറയാനുദ്ദേശിക്കുന്നത്. വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പേ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضي الله عنه ന്റെ ഗ്രന്ഥങ്ങളേയും പ്രഭാഷണങ്ങളേയും പ്രസംഗങ്ങളേയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തുകയാണ്.

ഹഃ മുസ്‌ലിഹ് മൗഊദ് رضي الله عنه ന്റെ ഗ്രന്ഥങ്ങളും ലെക്ച്ചറുകളും പ്രസംഗങ്ങളും ഒരുമിച്ച് **“അൻവാറുൽ ഉലൂം”**എന്ന പേരിൽ ഫള്ലെ ഉമർ ഫൗണ്ടേഷൻ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. ഇപ്പോൾ വരെ അതിന്റെ 24 വാല്യങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇതിൽ 633 ലെക്ച്ചറുകളും പ്രസംഗങ്ങളും

ഗ്രന്ഥങ്ങളും വന്നു കഴിഞ്ഞു. ഇതിന്റെ 32 വാള്യങ്ങൾ ഉണ്ടാകുമെന്നാണ് ഫള്‌ലെ ഉമർ ഫൗണ്ടേഷൻ കണക്കുകൂട്ടുന്നത്. ഇങ്ങനെ പ്രസംഗങ്ങളും ലെക്ചറുകളും ഗ്രന്ഥങ്ങളും ഏകദേശം എണ്ണൂറ്റി അമ്പതോളം (850) ആകും.

ഇപ്രകാരം ജുമുഅ ഖുത്ബകളുടേയും പെരുന്നാൾ ഖുത്ബകളുടേയും നിക്കാഹ് ഖുത്ബകളുടേയും എണ്ണം 2076 ആണ്. ഖുത്ബാത്തെ മഹ്മൂദിന്റെ 28 വാള്യങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിൽ 1602 ഖുത്ബകളാണുള്ളത്. 1948 മുതൽ 1959 വരെയുള്ള ഖുത്ബകൾ 29 മുതൽ 39 വരെയുള്ള വാള്യങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. അവയിലും മറ്റുള്ള 500 ഖുത്ബകളും ഉൾപ്പെടും. ഇത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ ന്റെ വൈജ്ഞാനിക പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള ചെറിയൊരു ലിസ്റ്റാണ്. ഓരോ ഖുത്ബയും ഓരോ പ്രസംഗവും കേൾക്കുകയാണെങ്കിൽ ഓരോ ലെക്ചറും നോക്കുകയാണെങ്കിൽ അറിവിന്റേയും ദൈവജ്ഞാനത്തിന്റേയും മുത്തുകൾ അവയിൽ കോർത്തിണക്കിയിരിക്കുന്നതായി കാണാം. മനുഷ്യൻ അത്ഭുതപ്പെട്ടുപോകും വിധം അറിവിന്റെ നദികൾ ഒഴുക്കപ്പെട്ടിരിക്കുന്നതായി കാണാം. മൂന്നാം ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബും ഇങ്ങനെയൊരു അപഗ്രഥനം നടത്തി ഒരിക്കൽ സമർപിച്ചിരുന്നു. അദ്ദേഹം പറഞ്ഞു, വാഗ്ദത്ത പുത്രനെ സംബന്ധിച്ചുള്ള പ്രവചനത്തിന്റെ ഒരുവശം മാത്രം എടുക്കുക. "ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും." ഇതു തന്നെ എത്രമാത്രം വിശാലമാണെന്നുവച്ചാൽ വിശദീകരിച്ചു പോകുകയാണെങ്കിൽ അവസാനിക്കുകയില്ല.

ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ പറഞ്ഞിരുന്നു, ഞാൻ വിചാരിക്കുന്നത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനം മാത്രം എട്ട് പത്തായിരം പേജുകൾ എഴുതിയിട്ടുണ്ടെന്നാണ്. അത് 10 വാള്യങ്ങളുണ്ട്. ഇതിൽ സൂറ ഫാതിഹ, സൂറത്തുൽബഖറ ഇങ്ങനെ ആദ്യത്തെ രണ്ടു സൂറത്തുകൾ, പിന്നീടു സൂറ യൂനുസ് മുതൽ സൂറ അൻകബൂത്തുവരെ അതായത് പത്താമത്തെ സൂറത്ത് മുതൽ ഇരുപത്തി ഒമ്പതാമത്തെ സൂറത്തുവരെ പിന്നീടു സൂറത്തുന്നബ മുതൽ സൂറത്തുന്നാസ് വരെ. അതായത് 59 സൂറത്തുകളുടെ വ്യാഖ്യാനം എഴുതുകയുണ്ടായി. ഈ വ്യാഖ്യാനം ഏകദേശം 6000 പേജുകൾ അടങ്ങിയതാണ്. അത് വളരെ ചെറിയ അക്ഷരങ്ങളിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഇന്നെഴുതുന്നതുപോലെ എഴുതുകയാണെങ്കിൽ ഒരു പക്ഷേ, പത്തായിരം പേജുകൾ വരും. ഇതു വീണ്ടും അച്ചടിച്ചുകൊണ്ടിരിക്കുന്നു. സാഹിത്യപരമായി അദ്ദേഹത്തിന്റെ 10 ഗ്രന്ഥങ്ങളും ലഘുലേഖകളുമുണ്ട്. ആത്മീയവിഷയങ്ങൾ, ഇസ്‌ലാമിക സ്വഭാവങ്ങൾ, ഇസ്‌ലാമിക വിശ്വാസാദർശങ്ങൾ എന്നിവയിൽ അദ്ദേഹം 31 ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജീവചരിത്ര സംബന്ധമായി 13 ഗ്രന്ഥങ്ങളും ലഘുലേഖകളും എഴുതീട്ടുണ്ട്. ചരിത്ര സംബന്ധമായി 4 ഗ്രന്ഥങ്ങളും ലഘുലേഖകളും എഴുതീട്ടുണ്ട്. ഫിഖഹ് (കർമശാസ്ത്രത്തി) ന്റെ മൂന്നു ഗ്രന്ഥങ്ങളും ലഘുലേഖകളും എഴുതീട്ടുണ്ട്. ഇന്ത്യാവിഭജനത്തിനു മുമ്പേയുള്ള രാഷ്ട്രീയ സ്ഥിതിഗതികളെ കുറിച്ച് 25 ഗ്രന്ഥങ്ങളും ലഘുലേഖകളും എഴുതീട്ടുണ്ട്. ഇന്ത്യാവിഭജനത്തിനു ശേഷമുള്ള രാഷ്ട്രീയ സ്ഥിതിഗതികളെ കുറിച്ച് 9 ഗ്രന്ഥങ്ങളും ലഘുലേഖകളും എഴുതീട്ടുണ്ട്.

കശ്മീർ രാഷ്ട്രീയത്തെ സംബന്ധിക്കുന്ന 15 ഗ്രന്ഥങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഹ്മദിയ്യ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളും ആഹ്വാനങ്ങളുമടങ്ങുന്ന 100 പുസ്തകങ്ങളും ലഘുലേഖകളുമുണ്ട്. ഇതിനു പുറമെ നിരവധി മറ്റു വിഷയങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് ഞാൻ പ്രതിപാദിക്കുകയുണ്ടായി. ഇതു നൂറുക്കണക്കിനാണ്. സുമാർ 800 ന് മുകളിൽപോകും അതിന്റെ കണക്ക്.

ഞാൻ പറഞ്ഞതുപോലെ ഖലീഫത്തുൽമസീഹ് മൂന്നാമൻ പറയുന്നു: "വാഗ്ദത്ത പുത്രൻ ലൗകികവും ആത്മീയവും വിദ്യകളാൽ നിറക്കപ്പെടും" എന്ന പ്രവചനത്തിൽ മാത്രം ഒന്നു ദൃഷ്ടി പായിക്കുക. എന്നാൽ, അതിൽ ഭൗതികമായ അറിവുകളും ആത്മീയമായ അറിവുകളും കാണാൻ കഴിയും. ആ മഹാത്മാവ് എപ്പോഴൊക്കെ ഏതെങ്കിലും വിഷയത്തിൽ ഗ്രന്ഥമോ ലഘുലേഖയോ എഴുതിയിട്ടുണ്ടോ അപ്പോഴെല്ലാം ഓരോരുത്തരും പറഞ്ഞത് അതിനെക്കാൾ നല്ല രീതിയിൽ ആ വിഷയം എഴുതാൻ പറ്റുകയില്ലെന്നാണ്. രാഷ്ട്രീയത്തിൽ നേതൃത്വം ഏറ്റെടുത്തപ്പോൾ അല്ലെങ്കിൽ രാഷ്ട്രീയപരമായി അഭിപ്രായങ്ങൾ പറഞ്ഞപ്പോൾ ഏറ്റവും വലിയ എതിരാളി പോലും ആ മഹാത്മാവിന്റെ കഴിവുകളെ അംഗീകരിക്കാൻ നിർബന്ധിതനായി.

ഖലീഫത്തുൽ മസീഹ് ايده الله تعالىٰ بنصره العزيز തഫ്സീറെ കബീറിനെക്കുറിച്ചുള്ള മറ്റുള്ളവരുടെ അവലോകനങ്ങളും എടുത്തു പറയുകയുണ്ടായി. അല്ലാമ നിയാസ് ഫതഹ്പൂരി (ഇദ്ദേഹം അഹ്മദിയായിരുന്നില്ല) ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ؓ ന് എഴുതിയ ഒരു കത്തിൽ പറയുന്നു: തഫ്സീർ കബീർ മൂന്നാം വാള്യം ഇന്ന് എന്റെ മുമ്പിലിരിപ്പുണ്ട്. ഞാൻ അതിനെ വലിയ ദൃഷ്ടിയോടും ആഴത്തിലും നോക്കുകയാണ്. വിശുദ്ധഖുർആൻ പഠനത്തിന്റെ തികച്ചും ആവശ്യമുള്ളതും നവീന ചിന്തയുമാണ് താങ്കൾ സൃഷ്ടിച്ചിട്ടുള്ളത്. ഈ വ്യാഖ്യാനം അതിന്റെ രീതിയുടെ അടിസ്ഥാനത്തിൽ തികച്ചും ആദ്യത്തെ വ്യാഖ്യാനമാണ്. ഇതിൽ ബുദ്ധിയും മാതൃകയും വളരെ മനോഹരമായി സമന്വയിപിച്ച് കാണിക്കപ്പെട്ടിരിക്കുന്നു.അങ്ങയുടെ അഗാധ പാണ്ഡിത്യവും അങ്ങയുടെ വിശാല വീക്ഷണവും അങ്ങയുടെ അസാധാരണമായ ചിന്താവൈഭവവും സൂക്ഷ്മബുദ്ധിയും അങ്ങയുടെ മഹിമാവിശേഷങ്ങളും പ്രമാണങ്ങളും അതിന്റെ ഓരോ വാക്കിലും വ്യക്തമാണ്. ഇന്നുവരെ ഞാൻ അതിനെക്കുറിച്ച് അജ്ഞനായിരുന്നതിൽ എനിക്കു വിഷമമുണ്ട്; എനിക്ക് അതിന്റെ എല്ലാ വാള്യങ്ങളും കാണാൻ ഭാഗ്യമുണ്ടായിരുന്നെങ്കിൽ! ഇന്നലെ സൂറ ഹൂദിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് ലൂത്തിനെ കുറിച്ചുള്ള താങ്കളുടെ ചിന്തകൾ അറിഞ്ഞിട്ട് മനസ്സ് തിളക്കമുള്ളതായി. അനിയന്ത്രിതമായി ഈ വരികൾ എഴുതാൻ ഞാൻ നിർബന്ധിതനായി. താങ്കൾ 'ഹാ ഉലായി ബനാത്തീ' എന്നതിന് വ്യാഖ്യാനം എഴുതിക്കൊണ്ട് മറ്റു വ്യാഖ്യാതാക്കളിൽനിന്ന് വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതിന് പ്രശംസിക്കുക എന്നത് എന്റെ കഴിവിൽപെട്ടതല്ല. അല്ലാഹു താങ്കൾക്ക് സമാധാനപരമായ ദീർഘായുസ്സ് നല്കുമാറാകട്ടെ.

പട്ന യൂണിവേഴ്സിറ്റിയിലെ ഉർദു വിഭാഗത്തിന്റെ തലവൻ ജനാബ് അഖ്തർ സാഹിബ് എം.എ. , പട്ന കോളേജിലെ പാർസി വിഭാഗം മുൻ തലവൻ പ്രൊഫസർ അബ്ദുൽ മന്നാൻ സാഹിബ് ബേദിലിൽ നിന്ന് തഫ്സീർ കബീറിനെ

കുറിച്ചുണ്ടായ തന്റെ ഒരുദൃക്സാക്ഷ്യം വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: 'ഞാൻ ഒന്നിനു പിറകെ ഒന്നായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ തഫ്സീർ കബീറിന്റെ കുറച്ചു വാള്യങ്ങൾ പട്ന കോളേജിലെ പ്രസിദ്ധീകരണ വിഭാഗം മുൻ പ്രസിഡന്റും, പട്നയിലെ ശബീന കോളേജിലെ പ്രിൻസിപ്പാളുമായ പ്രൊഫസർ അബ്ദുൽ മന്നാൻ സാഹിബിന് നല്കി. അദ്ദേഹം ആ തഫ്സീർ വായിച്ച് എത്രമാത്രം ആകർഷിതനായെന്നാൽ, അദ്ദേഹം അത് ശംസുൽ ഹുദാ അറബിയ്യ മദ്രസയിലെ ശേയ്ഖന്മാർക്കും തഫ്സീർ കബീറിന്റെ ചില വാള്യങ്ങൾ വായിക്കാൻ കൊടുത്തു. ഒരു ദിവസം കുറേ ശേയ്ഖന്മാരെ വിളിച്ച് അതിനെ കുറിച്ചുള്ള അഭിപ്രായം ആരാഞ്ഞു. ഒരു ശേയ്ഖ് പറഞ്ഞു, 'പാർസി തഫ്സീറുകളിൽ ഇത്തരം തഫ്സീർ ഉണ്ടാകുകയില്ല. പ്രൊഫസർ അബ്ദുൽ മന്നാൻ സാഹിബ് ചോദിച്ചു. അറബി തഫ്സീറുകളെ കുറിച്ച് എന്താണ് അഭിപ്രായം? ശേയ്ഖന്മാർ അതിന് നിശബ്ദത പാലിച്ചു. കുറച്ചു കഴിഞ്ഞ് അവരിൽ ഒരാൾ പറഞ്ഞു, 'പട്നയിൽ എല്ലാ തഫ്സീർ ഗ്രന്ഥങ്ങളും ലഭ്യമല്ല. ഈജിപ്തിലേയും ശാമിലേയും എല്ലാ തഫ്സീർ ഗ്രന്ഥങ്ങളും വായിച്ചതിനു ശേഷമേ ശരിയായ അഭിപ്രായം പറയാൻ പറ്റുകയുള്ളു. പ്രൊഫസർ അബ്ദുൽ മന്നാൻ സാഹിബ് പുരാതന അറബി തഫ്സീറുകളെ കുറിച്ച് പറയാൻ തുടങ്ങി. എന്നിട്ടു പറഞ്ഞു, 'മിർസാ മഹ്മൂദിന്റെ ഖുർആൻ തഫ്സീറിന്റെ നിലവാരത്തിലുള്ള ഒരു തഫ്സീർ ഒരു ഭാഷയിലും കിട്ടുകയില്ല. നിങ്ങൾ ആധുനികമായ തഫ്സീറുകൾ ഈജിപ്തിൽ നിന്നോ ശാമിൽ നിന്നോ വരുത്തി വായിച്ചു കൊള്ളുക. എന്നിട്ട് കുറച്ചു മാസങ്ങൾക്കു ശേഷം ഞാനുമായി സംസാരിക്കുക. അറബി പാർസി പണ്ഡിതന്മാർ ഇതു കേട്ട് അമ്പരന്ന് മിണ്ടാതിരുന്നു.

സയ്യിദ് ജഅ്ഫർ ഹുസയ്ൻ സാഹിബ് അഡ്വക്കേറ്റ് **സിദ്ഖെ ജദീദ്** എന്ന പേരിൽ അയച്ച കത്തിൽ പറയുന്നു: "തഫ്സീറെ കബീർ വായിച്ച് ഞാൻ ആദ്യമായി വിശുദ്ധ ഖുർആനെ പരിചയപ്പെട്ടു. താങ്കൾ നിർദേശിച്ചതുപോലെ (അവർക്ക് എഴുതിക്കൊണ്ടിരിക്കുകയാണ്) സ്വന്തം മാർഗം വിട്ട് ഉലമാക്കളെല്ലാം ചേർന്ന് ഒരു യക്ഷിയെ പോലെ ആക്കിവച്ചിട്ടുള്ള അഹ്മദിയ്യത്ത് പോലുള്ള ജമാഅത്തിൽ പ്രവേശിക്കുക നിസാരകാര്യമല്ല. പക്ഷേ, സത്യം വെളിപ്പെട്ടതിനുശേഷം ഇവിടെ അപകടങ്ങളൊന്നും ആരും കാര്യമാക്കുന്നില്ല. എങ്കിലും സുജൂദിൽ കിടന്ന് രാവും പകലും ഞാൻ ദുആ ചെയ്യാൻ തുടങ്ങി: 'അല്ലാഹുവേ! എനിക്കു സ്വിറാത്തെ മുസ്തഖീം കാണിച്ചു തന്നാലും.' അങ്ങനെ മാസങ്ങൾ കടന്നുപോയി. ഞാൻ അങ്ങയോടു പറയട്ടെ! ഞാൻ സുജൂദ് ചെയ്ത സ്ഥലം കണ്ണീർകൊണ്ട് നനയുകയായിരുന്നു. എന്റെ ദുആ സ്വീകരിക്കപ്പെട്ടുവെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. കാരണം അഹ്മദിയ്യത്ത് സത്യമാണെന്ന് വിശ്വസിക്കുന്ന കാര്യത്തിൽ ഞാൻ ഉറച്ചു നിന്നു. ഖാദിയാനിലെ മിയാൻ വസീം അഹ്മദ് സാഹിബിന് ബയ്അത്തു ചെയ്യാൻ ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഞാനൊരു കത്തെഴുതി. എന്റെ ബയ്അത്ത് സ്വീകരിക്കുന്നതുന് മുമ്പേ ഹുദൂർ ഖലീഫ സാഹിബ് പറഞ്ഞു, 'ഒരു അഹ്മദി മുസ്ലിമിന്റെ നിർബന്ധ കടമയാണ് നിലവിലുള്ള ഭരണകൂടത്തോട് കൂറു പുലർത്തുക എന്നത്.' ഞാൻ മറുപടി എഴുതി: 'ഹദൂറിന്റെ തഫ്സീറെ കബീറിലെ എല്ലാ കാര്യങ്ങളും ഞാൻ എന്റെ ഹൃദയത്തിൽ കൊത്തിവെച്ചിട്ടുണ്ട്.' കുറച്ചു ദിവസം കഴിഞ്ഞപ്പോൾ എന്റെ ബയ്അത്ത് സ്വീകരിച്ചിക്കുന്നുവെന്ന് പറഞ്ഞുള്ള കത്ത് ഖാദിയാനിൽനിന്ന് കിട്ടി. അപ്പോൾ ഞാൻ സുജൂദിൽ വീണു. പിന്നീട് പറയുന്നു,'തഫ്സീറെ കബീറിൽ ഒരു സ്ഥലത്ത് ഞാൻ വായിച്ചിരുന്നു, ഖലീഫ അദ്ദേഹം മുസ്ലിഹ് മൗഊദായിരിക്കും.'അദ്ദേഹം ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും'എന്ന്. ഞാൻ ഹുദൂറിനോട് എന്റെ മോചനത്തിനായി (ഇപ്പോഴും അദ്ദേഹം ജയിലിൽതന്നെയായിരുന്നു) ദുആ ചെയ്യാൻ അപേക്ഷിച്ചു. ഹുദൂർ ഖലീഫ സാഹിബ് ദുആ ചെയ്തു. 'അല്ലാഹു താങ്കളുടെ മോചനത്തിനുള്ള സാഹചര്യം ഒരുക്കുമാറാകട്ടെ.' കുറച്ചു ദിവസത്തിനുശേഷം ഞാൻ മോചിതനായി. വാഗ്ദത്ത് ഖലീഫയെ സംബന്ധിച്ച് ഇങ്ങനെ പ്രവചനമുണ്ട്, 'അദ്ദേഹം ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും,' ഞാൻ അതിന്റെ ജീവിക്കുന്ന ദൃഷ്ടാന്തമാണ്.

ഇനിയുള്ളത് പാശ്ചാത്യ ചിന്തകന്മാരാണ്. അവരിൽ നിന്നെല്ലാം വ്യത്യസ്തരായിട്ടുള്ള ചിന്തകന്മാർ അമേരിക്കയിലും യൂറോപ്പിലുമുണ്ട്. ഇപ്പോൾ ഞാൻ എ.ജെ. അർബറിയെയാണ് പരാമർശിക്കുന്നത്. അദ്ദേഹം ബ്രിട്ടൺ ഓറിയന്റലിസ്റ്റാണ്. അറബി, ഫാർസി, ഇസ്ലാമിയാത്തിന്റെ സ്കോളറാണ്. അദ്ദേഹം പറയുന്നു: 'വിശുദ്ധഖുർആനിന്റെ ഈ പുതിയ തർജമയും വ്യാഖ്യാനവും വളരെ വലിയ ശ്ലാഘനീയമായൊരു കർമമാണ്.'

ഹുദൂർ പറയുന്നു: ശാമിലെ ഒരു ഡാക്ടറാണ് അനസ് സാഹിബ്. അദ്ദേഹം പറയുന്നു: 'സത്യവും പ്രകാശവും അന്വേഷിച്ച് വിവിധ ഉലമാക്കളുടെ ഗ്രന്ഥങ്ങളും തഫ്സീറുകളും വായിച്ചു. അവരിൽ സുൽത്വാനുൽ ആരിഫീൻ മുഹ്യുദ്ദീൻ ബിൻ അറബി, മുഹമ്മദ് ബിൻ അലി അൽഹാത്മി അത്ത്വായി തുടങ്ങിയവരുടെ തഫ്സീറുകളുമുണ്ടായിരുന്നു. പക്ഷേ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ തഫ്സീറിൽ നിന്നു കിട്ടിയ ആ രുചിയും സ്വാദും ആനന്ദവും സവിശേഷതകളും ഒന്നിൽനിന്നും കിട്ടിയില്ല.'

മൊറോക്കോയിലെ ജാൻ സാഹിബ് എഴുതുന്നു, ഞാൻ ഈ തഫ്സീർ വായിക്കുകയും മറ്റു തഫ്സീറുകളുമായി ഒത്തുനോക്കുകയും ചെയ്തപ്പോൾ ആകാശവും ഭൂമിയും തമ്മിലുള്ള വ്യത്യാസമാണ് കണ്ടത്.ഇവിടെ ദൈവികജ്ഞാനങ്ങളുടേയും തത്ത്വജ്ഞാനങ്ങളുടേയും വിവരണമാണുള്ളത്. അത് ശരീഅത്തിന്റെ കാമ്പാണ്. മറ്റു തഫ്സീറുകൾ വെറും പുറന്തോടുകളിലാണ് നിലകൊള്ളുന്നത്. ഈ തഫ്സീർ എന്റെ മനസ്സിൽ ഇസ്ലാമിന്റെ മനോഹര ചിത്രം വരച്ചിട്ടു. അത് ആത്മാവിലേക്ക് ആഴ്ന്നിറങ്ങി.

ഖലീഫത്തുൽമസീഹ് ایدہ اللہ تعالیٰ بنصرہ العزیز ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണങ്ങൾ അന്യരെ ആകർഷിച്ചതിനെ സംബന്ധിച്ച് പറഞ്ഞു, പഞ്ചാബ് സാഹിത്യസമാജത്തിന്റെ ക്ഷണമനുസരിച്ച് -പഞ്ചാബ് യൂണിവേഴ്സിറ്റിയിലെ നേതാക്കളാണ് ക്ഷണിച്ചത്- ഹുദൂർ ലാഹോറിൽ രണ്ടു പ്രഭാഷണങ്ങൾ നടത്താമെന്ന് സമ്മതിച്ചു. ഇതനുസരിച്ച് ഹുദൂറിന്റെ പ്രഭാഷണം 'ഭാഷാ ലോകത്ത് അറബിഭാഷയുടെ സ്ഥാനം' എന്ന വിഷയത്തെ അധികരിച്ച് 1934 മെയ് 31ന് ലാഹോറിലെ മൽറോഡിലെ വൈ.എം.സി.എ. ഹാളിൽ ആരംഭിച്ചു. യോഗാധ്യക്ഷൻ ലാഹോർ ഇസ്ലാമിയ കോളേജ് പ്രിൻസിപ്പാൾ ജനാബ് ഡാക്ടർ ബർക്കത്തലി സാഹിബ് എം.എ. പി.എച്ച്.ഡി

ആയിരുന്നു. ഒന്നരമണിക്കൂർ ആയിരുന്നു ഹുദൂറിന്റെ പ്രഭാഷണം. ശ്രോതാക്കൾ ഈ പ്രഭാഷണം മുഴുവനും വളരെ താൽപര്യത്തോടെ കേട്ടു. അവസാനം യോഗാധ്യക്ഷൻ നന്ദി പറഞ്ഞതിനുശേഷം പ്രസംഗത്തെ പ്രയോജനപ്പെടുത്തണമെന്ന് പങ്കെടുത്തവരോട് പറഞ്ഞു. ഇത്തരം വൈജ്ഞാനിക വിഷയം ഇനിയും കേൾക്കാൻ അവസരമുണ്ടാകണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. വൈജ്ഞാനിക ലോകത്തെ എല്ലാതരം അഭിപ്രായക്കാരും ശ്രോതാക്കളിലുണ്ടായിരുന്നു.

ജനാബ് ലാല ഭീം സാഹിബിന്റെ മകൻ കശ്മീർ മുൻ ചീഫ് ജസ്റ്റീസ് ലാല ഖമർ സീൻ സാഹിബ് അവിടെ സന്നിഹിതനായിരുന്നു. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ പ്രഭാഷണവും അധ്യക്ഷന്റെ പ്രസംഗവും കഴിഞ്ഞതിനുശേഷം നന്ദിയുടെ വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ഇംഗ്ലീഷിൽ ഒരു പ്രസംഗം ചെയ്തു. ഇന്ന് എല്ലാംകൊണ്ടും യോഗ്യനായ പ്രഭാഷകൻ അറബി ഭാഷയുടെ ശ്രേഷ്ഠതയെ കുറിച്ച് മനോഹരവും ഉന്നതക്കിടയിലുള്ളതുമായ പ്രഭാഷണം നടത്തിയിരിക്കുന്നു. അതുകേട്ട് എനിക്കു വളരെ സന്തോഷമായി. അദ്ദേഹം പറയുന്നു, ഞാൻ പ്രസംഗം കേൾക്കാൻ വന്നപ്പോൾ ധരിച്ചത് പഴയകാല ആളുകൾ വിവരിക്കുന്നതുപോലെ ഒരു വിവരണമായിരിക്കും ഇതെന്നായിരുന്നു. അവർ എങ്ങനെയാണ് വിവരിച്ചിരുന്നത്. അതു പ്രസിദ്ധമാണ്. ഒരു അറബിയോട് ഒരിക്കൽ അറബി ഭാഷയുടെ ശ്രേഷ്ഠതയെന്താണെന്ന് ഒരാൾ ചോദിച്ചു. അയാൾ പറഞ്ഞു, അതിന് മൂന്ന് കാരണങ്ങളാൽ ശ്രേഷ്ഠതയുണ്ട്. ഒന്ന് ഞാൻ അറബ് നാട്ടുകാരനാണ്. രണ്ട് വിശുദ്ധ ഖുർആൻ അറബി ഭാഷയിലാണുള്ളത്. മൂന്ന് സ്വർഗത്തിലെ സംസാര ഭാഷ അറബിയായിരിക്കും. ഞാൻ മനസ്സിലാക്കിയിരുന്നത് ഇത്തരം പ്രസംഗം തന്നെയായിരിക്കും ഇവിടേയും നടക്കുക എന്നാണ്. എന്നാൽ, ഇവിടെ ചെയ്യപ്പെട്ട പ്രഭാഷണം അങ്ങേയറ്റം പണ്ഡിതോചിതവും തത്വജ്ഞാനപരമായ മഹിമാവിലാസം ഉൾക്കൊള്ളുന്നതുമായിരുന്നു. ഞാൻ മിർസാ സാഹിബിനോട് ഉറപ്പിച്ചു പറയട്ടെ! പ്രഭാഷണത്തിന്റെ ഓരോ അക്ഷരവും പൂർണ ശ്രദ്ധയോടും തികഞ്ഞ ചിന്തയോടും കൂടിയാണ് ഞാൻ കേട്ടത്. ഞാൻ അത് വളരെയേറെ ആസ്വദിച്ചു. ഫലമെടുത്തു. ഈ പ്രഭാഷണത്തിന്റെ സ്വാധീനം കാലങ്ങളോളം എന്റെ മനസ്സിൽ നിലനില്ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ലാഹോർ ഇസ്‌ലാമിയ്യ കോളേജ് പ്രിൻസിപ്പാൾ സയ്യിദ് അബ്ദുൽ ഖാദിർ സാഹിബ് അദ്ദേഹം ചരിത്ര വിഭാഗത്തിന്റെ തലവനാണ് പറയുന്നു, ഇസ്‌ലാമിയ്യ കോളേജിൽ 'ഇസ്‌ലാമും സോഷ്യലിസവും ഇസ്‌ലാമും കമ്മ്യൂണിസവും എന്നീ വിഷയങ്ങളിൽ സൺറൈസ് ലാഹോർ പത്രത്തിൽ ഒരു വാർത്ത കൊടുത്തിരുന്നു. അതിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു." ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥിതിയും കമ്മ്യൂണിസവും എന്ന് വിഷയത്തിൽ അഹ്മദിയ്യ ജമാഅത്തിന്റെ ഇമാം ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബിന്റെ പ്രഭാഷണം കേൾക്കാനുള്ള അവസരം എനിക്കു ലഭിച്ചു. ഈ പ്രഭാഷണവും അദ്ദേഹത്തിന്റെ മറ്റു പ്രഭാഷണങ്ങൾ കേട്ടതുപോലെ തന്നെ പണ്ഡിതോചിതവും ജ്ഞാനനിർഭരവുമായിരുന്നു. മിർസാ സാഹിബ് ദൈവദത്തമായ കഴിവുകളുടെ ഉടമയാണ്. ഈ വിഷയത്തിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന് പൂർണമായ അവഗാഹമുണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ ചിന്താഗതികളെ നാം ആദരവോടുകൂടി കാണുകയും അതിൽ ശ്രദ്ധിക്കുകയും വേണ്ടതാണ്.'

അവസാനം ഹുദൂർ പറഞ്ഞു, 'പ്രവചനത്തിൽ പറഞ്ഞ ലൗകികവും ആത്മീയവുമായ വിദ്യകളാൽ നിറയ്ക്കപ്പെടും എന്ന് പറഞ്ഞതിന്റെ ഒരു മിന്നലാട്ടം മാത്രമാണിത്. ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് അൽമുസ്‌ലിഹ് മൗഊദ് رضی اللہ عنہ നമുക്ക് നല്കിയ അറിവിന്റേയും ജ്ഞാനത്തിന്റേയും ഖജനാവ് വായിക്കാൻ അല്ലാഹു നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ. ആ മഹാത്മാവിന്റെ വിഷയങ്ങളുടെ തലക്കെട്ടുകളുടെ ഒരു ലിസ്റ്റ് ഞാൻ പറുയകയുണ്ടായി. വിവിധ തരത്തിലുള്ള വിഷയങ്ങളാണവ. അല്ലാഹു അതിൽനിന്ന് ഫലമെടുക്കാൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അറിവും ജ്ഞാനവും വർധിപ്പിക്കുന്നവരായി നാം മാറട്ടെ. മിർസാ ഹനീഫ് അഹ്മദ് സാഹിബ് വഫാത്തായ വിവരം ഹുദൂർ പറഞ്ഞു. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ ജുമുഅ നമസ്കാരശേഷം അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കരിക്കുമെന്നും വിളംബരം ചെയ്തു.

If Undelivered Please Return To
**Nazarath Nashr-O-Isha'at,**
Sadr Anjuman Ahmadiyya Qadian,
Pin 143516, Gurdaspur Dt, Punjab St.

To

**Friday Sermon delivered by Hadrath Khaleefathul Masih Alkhamis (atba)**
**at Masjid Baithul Futhuh,London –on 14.02.14**
**Summarized by Nazarath Nashr-O-Isha'ath, Qadian**
**Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.**